പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1637 — 13.06.2014- ൽ മറുപടിക്ക്

## അനാഥാലയങ്ങളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. എ.കെ. ബാലൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ അനുമതിയുള്ള എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വകുപ്പ് നേരിട്ട് നടത്തുന്നവയെത്രയാണെന്നും , വ്യക്തികളും സ്ഥാപനങ്ങളും, സംഘടനകളും നടത്തുന്നവയെത്രയാണെന്നും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; | (എ) | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ അനുമതിയില്ലാതെ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എത്ര അനാഥാലയങ്ങൾ ഇപ്രകാരം പ്രവർത്തിക്കുന്നുവെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | സാമൂഹ്യനീതി വകുപ്പ് അവസാനമായി നടത്തിയ ത്രൈമാസ റിവ്യൂ റിപ്പോർട്ട് പ്രകാരം 86 സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നതായിട്ട് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 31 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 55 സ്ഥാപനങ്ങളുടെ വിശദമായ പരിശോധന പൂർത്തിയായിട്ടില്ല. |
| (സി) | വകുപ്പിന്റെ അനുമതിയുള്ള അംഗീകൃത അനാഥാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ; | (സിയും ഡിയും) | നിലവിൽ ഗ്രാന്റ് ഇൻ എയ്ഡിനു അർഹതയുള്ള സ്ഥാപനങ്ങളുടെ എണ്ണം 1241 ആണ്. ആകെ |

| | | | |
|---|---|---|---|
| | എങ്കിൽ എത്ര സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | അന്തേവാസികളുടെ എണ്ണം 84,543 ആണ്. ഇവയുടെ വിശദവിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | അംഗീകാരമുള്ള എല്ലാ അനാഥാലയങ്ങളിലുമായി എത്ര അന്തേവാസികളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | | |
| (ഇ) | സംസ്ഥാനത്ത് സ്വകാര്യ വ്യക്തികളുടെയും സംഘടനകളുടെയും അനാഥാലയങ്ങളിലേയ്ക്ക് സംസ്ഥാനത്തിന് പുറത്ത് നിന്ന് കുട്ടികളെ കൊണ്ടുവന്ന് നൽകുന്ന റാക്കറ്റുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഇ) | ഇത് സംബന്ധിച്ച അന്വേഷണം നടന്നുവരികയാണ്. |
| (എഫ്) | സംസ്ഥാനത്തെ അനാഥാലയങ്ങളിൽ അന്യസംസ്ഥാന കുട്ടികൾ താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അന്യസംസ്ഥാന കുട്ടികളാണ് നിലവിൽ സംസ്ഥാനത്തെ അനാഥാലയങ്ങളിലുള്ളതെന്ന് വ്യക്തമാക്കുമോ? | (എഫ്) | ഉണ്ട്. സാമൂഹ്യനീതി വകുപ്പ് ജില്ലാ ഓഫീസർമാർ ഇത് സംബന്ധിച്ച വിവരശേഖരണ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്